# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒന്‍പതാം സമ്മേളനം
2013 ജൂലായ് 8, തിങ്കള്‍
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍– 30)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

## തൊഴിലുറപ്പ് പദ്ധതി

*571 ശ്രീ. വി. ചെന്താമരാക്ഷന്‍
,, പി. കെ. ഗുരുദാസന്‍
,, സി. കൃഷ്ണന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് കേന്ദ്ര സര്‍ക്കാര്‍ പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളുടെ അടിസ്ഥാനത്തില്‍ പ്രസ്തുത പദ്ധതി നടപ്പില്‍ വരുത്തുന്നതിനുള്ള ലക്ഷ്യവും പ്രവൃത്തിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് ദിവസവും എത്ര പേര്‍ക്ക് തൊഴില്‍ നല്‍കാന്‍ സാദ്ധ്യമാകും; എന്തു തുകഇതിനായി വേണ്ടിവരും;

(സി) തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചതിനുശേഷമുള്ള ഓരോ വര്‍ഷവും പദ്ധതിക്കായി കേന്ദ്ര ഗവണ്‍മെന്റ് വകയിരുത്തിയ തുകയുടെയും ഓരോ വര്‍ഷവും എത്ര ശതമാനം വീതം കേരളത്തില്‍ വിനിയോഗിക്കപ്പെട്ടതിന്റേയും വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ കുടുംബങ്ങളെ ബി. പി. എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം</u>

*T-572 ശ്രീ. ആർ. സെൽവരാജ്
'' ഹൈബി ഈഡൻ
'' വർക്കല കഹാർ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളെ ബി. പി. എൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഭേദഗതികളാണ് മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് മൂലം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെല്ലാം പ്രയോജനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാര കൈമാറ്റം</u>

*573 ശ്രീ. കെ. രാധാകൃഷ്ണൻ
,, എസ്. ശർമ്മ
ഡോ. കെ. ടി ജലീൽ
ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാഭേദഗതിയനുസരിച്ചുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാര കൈമാറ്റം സംസ്ഥാനത്ത് പൂർണ്ണമായിട്ടുണ്ടോ; ഇല്ലെങ്കിൽ അവശേഷിക്കുന്നവ ഏതെല്ലാം ;

(ബി) നിയമവ്യവസ്ഥകൾ പ്രകാരം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കർത്തവ്യങ്ങൾ, അവ നിർവ്വഹിക്കേണ്ടുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യാൻ സാദ്ധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; വെളിപ്പെടുത്താമോ ;

(സി) ഉദ്യോഗസ്ഥന്മാരെ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുന്ന പ്രക്രിയ പൂർത്തിയാക്കിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം</u>

*574 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. മുരളീധരൻ
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനായി നിയമനിർമ്മാണം കൊണ്ടു വരുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**08.07.2013-ലെ മറുപടിക്ക്**

<u>ഭക്ഷ്യക്കമ്മി പരിഹരിക്കുന്നതിന് നടപടി</u>

*T-575 ശ്രീ. സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യക്കമ്മി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പിന്റെ പരിഗണനയിലുള്ളത്;

(ബി) കുറഞ്ഞ കാലയളവിൽ വിളവെടുക്കാവുന്ന ധാന്യകൃഷികളുടെ ആവശ്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കുറഞ്ഞ കാലയളവിൽ വിളവുകിട്ടുന്ന ധാന്യകൃഷി പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കൃഷിഭവനുകളെ പര്യാപ്തമാക്കൽ</u>

*576 ശ്രീ. ജെയിംസ് മാത്യു
,, കെ. രാധാകൃഷ്ണൻ
,, പി. റ്റി. എ. റഹീം
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളും കൃഷിക്കാരും തമ്മിലുള്ള ബന്ധം അകന്നുകൊണ്ടിരിക്കുന്നുവെന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) കൃഷിക്കാരുടെ കാലോചിതമായ ആവശ്യങ്ങൾ നിറവേറ്റാൻ കൃഷിഭവനുകൾ പര്യാപ്തമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കാർഷിക ഉല്പാദനം ശക്തിപ്പെടുത്താനുള്ള പ്രാഥമിക കേന്ദ്രങ്ങളായി കൃഷിഭവനുകളെ ശക്തിപ്പെടുത്താനും അതിനനുസൃതമായ നയ സമീപനങ്ങൾ സ്വീകരിക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തദ്ദേശസ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ
വികസനത്തിന് സ്വകാര്യ പങ്കാളിത്ത പദ്ധതി</u>

*577

ശ്രീ. ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനത്തിന് പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച സർക്കാർ നയം വെളിപ്പെടുത്തുമോ;

(ബി) പൊതു-സ്വകാര്യ പദ്ധതികൾ നടപ്പിലാക്കാൻ തദ്ദേശസ്ഥാപനങ്ങളെ അനുവദിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ വല്ലതും നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഏതെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഇപ്രകാരം നിർവ്വഹിക്കാം;

(ഡി) വയബിലിറ്റി ഗ്യാപ്പ് സർക്കാർ നൽകാൻ തയ്യാറാണോ;

(ഇ) ഇതിനകം ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങൾ ഈ മാതൃകയിൽ പദ്ധതി നിർവ്വഹിച്ചു തുടങ്ങിയിട്ടുണ്ട്?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ജനിതകമാറ്റം വരുത്തിയ നെല്ലിനങ്ങൾ</u>

*578 ശ്രീ. ജി.എസ്. ജയലാൽ
,, സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനിതകമാറ്റം വരുത്തിയ നെല്ലിനങ്ങൾ പരീക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ജനിതകമാറ്റം വരുത്തിയ എത്രയിനം നെല്ലിനങ്ങൾക്കാണ് അനുമതി നൽകിയിട്ടുളളത്; അവ ഏതെല്ലാം;

(സി) ഇത്തരം വിത്തിനങ്ങൾ പരീക്ഷിക്കുന്നത് സംബന്ധിച്ചുളള സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഐ.കെ.എം. സോഫ്റ്റ്‌വെയറിലൂടെ പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഓൺലൈൻ സേവനം</u>

*579 ശ്രീ. വർക്കല കഹാർ
,, എം. എ. വാഹീദ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.കെ.എം. സോഫ്റ്റ്‌വെയറിലൂടെ പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഓൺലൈൻ സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇതിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശം അറിയിക്കുമോ;

(സി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

അനുയോജ്യമല്ലാത്ത മാനദണ്ഡങ്ങൾ മൂലം നടപ്പിലാക്കാൻ സാധിക്കാത്ത കേന്ദ്ര പദ്ധതികൾ

*580 ശ്രീ. പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളിൽ പലതും സംസ്ഥാന സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത മാനദണ്ഡങ്ങൾ മൂലം നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്ര പദ്ധതികളാണ് ഇപ്രകാരം നടപ്പിലാക്കാൻ കഴിയാത്തതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന സാഹചര്യങ്ങൾക്ക് അനുസൃതമായി കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) നിലവിൽ ഭേദഗതികളോടെ നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ള കേന്ദ്ര പദ്ധതികൾ ഏതെല്ലാം; ആയതിന്റെ വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>സിറ്റി കോര്‍പ്പറേഷനുകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം</u>

*581 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, എം. ഉമ്മര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സിറ്റി കോര്‍പ്പറേഷനുകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സിറ്റി കോര്‍പ്പറേഷനുകളുടെ ഗ്രേഡ് നിശ്ചയിച്ചിട്ടുള്ളത് പ്രസ്തുത മാനദണ്ഡപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ഉയര്‍ന്ന ഗ്രേഡിലെ കോര്‍പ്പറേഷനുകള്‍ക്കു കൂടുതല്‍ ആനുകൂല്യങ്ങള്‍ സര്‍ക്കാരുകളില്‍ നിന്നും ലഭിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ സംസ്ഥാനത്തെ പ്രധാന കോര്‍പ്പറേഷനുകളുടെ ഗ്രേഡ് ഉയര്‍ത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ബ്ലോക്ക് പഞ്ചായത്തുകളുടെ ശാക്തീകരണത്തിന് പദ്ധതി</u>

*582 ശ്രീ. കെ. ശിവദാസൻ നായർ
'' വി. റ്റി. ബൽറാം
'' ജോസഫ് വാഴക്കൻ
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളുടെ ശാക്തീകരണത്തിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം;

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പു പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ്</u>

*583 ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താൻ കേന്ദ്ര നിർദ്ദേശമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ തൊഴിലുറപ്പു പദ്ധതിക്കായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(സി) പഞ്ചായത്തുകളിൽ നിരീക്ഷണ സമിതികളും വിജിലൻസ് സെല്ലുകളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>മാതൃകാ ഹൈടെക് ഹരിതഗ്രാമപദ്ധതി</u>

*584 ശ്രീ. കെ.എൻ.എ. ഖാദർ
,, റ്റി.എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാതൃകാ ഹൈടെക് ഹരിതഗ്രാമപദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) പദ്ധതി നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇതിനായി ഗ്രാമങ്ങളെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിവിധ വിഭാഗങ്ങളുടെ ഏകോപനത്തിനുള്ള സംവിധാനമെന്താണ്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി</u>

*585 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഗോസുരക്ഷാ പദ്ധതി</u>

*586 ശ്രീ. ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോസുരക്ഷാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>എല്ലാ ജില്ലകളിലും കക്കൂസ് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാൻ നടപടി</u>

*587 ശ്രീ. സാജു പോൾ
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
,, എ. പ്രദീപ് കുമാർ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കക്കൂസ് മാലിന്യ സംസ്ക്കരണം സംബന്ധിച്ച് കേരള ഹൈക്കോടതി വിധിക്ക് സ്റ്റേ വാങ്ങുമ്പോൾ സുപ്രീം കോടതിയിൽ സർക്കാർ നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു; അവ പാലിക്കുകയുണ്ടായോ;

(ബി) എങ്കിൽ കക്കൂസ് മാലിന്യങ്ങൾ സംസ്ക്കരിക്കാൻ മുനിസിപ്പാലിറ്റികളിൽ സംവിധാനം ഉണ്ടാക്കാത്തത് സാക്ഷരതയിൽ മുന്നിട്ട് നില്ക്കുന്ന കേരളത്തിന് നാണക്കേടാണ് എന്ന നിലയിലുള്ള ഒരു അഭിപ്രായം സുപ്രീംകോടതി പറയാനിടയായ സാഹചര്യം എന്താണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

തദ്ദേശ സ്ഥാപനങ്ങൾക്ക് ധനകാര്യകമ്മീഷൻ ലഭ്യമാക്കുന്ന ഗ്രാന്റ്

*588 ശ്രീ. എം. ചന്ദ്രൻ
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(ബി) ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ലഭിച്ചാൽ എത്ര ദിവസത്തിനകം ആയത് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതുണ്ട്;

(സി) 2012–2013 ൽ ഇത് ലഭിച്ചത് എപ്പോഴായിരുന്നു; സ്ഥാപനങ്ങൾക്ക് നൽകിയത് എപ്പോഴായിരുന്നു;

(ഡി) 2013–14 ലെ ഗ്രാന്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ: അവ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകിയത് എപ്പോഴാണ്;

(ഇ) ഗ്രാന്റ് കൃത്യസമയത്ത് തന്നെ തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ വീഴ്ച ഉണ്ടായത് ആരുടെ ഭാഗത്തുനിന്നാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>താലോലം പദ്ധതി</u>

*T-589 ശ്രീ. സി. കെ. സദാശിവൻ
,, എളമരം കരീം
,, കെ. കെ. നാരായണൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2009– ൽ ആരംഭിച്ച താലോലം പദ്ധതിയിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് പുതുതായി പ്രഖ്യാപിച്ച ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയാമോ;

(ബി) താലോലം പദ്ധതിയുടെ 2009 മുതലുള്ള പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; ആരോഗ്യ കിരണം പദ്ധതിയിൽ പുതുതായി എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയാമോ;

(സി) താലോലം പദ്ധതി നിർത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ചെക്ക് ഡാമുകൾ</u>

*590 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. റ്റി. ബൽറാം
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പിന്റെ കീഴിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) മണ്ണ് സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

കൊപ്രാ സംഭരണം

*591 ശ്രീ. എ. എം. ആരിഫ്
,, എളമരം കരീം
,, കെ. ദാസൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവില പുതുക്കി നിശ്ചയിച്ച് ആറ് മാസം കഴിഞ്ഞിട്ടും കൊപ്രാ സംഭരണം എങ്ങുമെത്തിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർക്ക് പുതുക്കിയ നിരക്കിലുള്ള താങ്ങുവില ലഭ്യമാക്കാത്ത സ്ഥിതിവിശേഷം ഉണ്ടായതിന്റെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കഴിഞ്ഞ കാലങ്ങളിൽ സംഭരണത്തിൽ വന്ന പാളിച്ചകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ അവ വിശദീകരിക്കാമോ;

(ഡി) ഈ സീസണിൽ സംഭരണ ലക്ഷ്യം കൈവരിക്കാൻ സർക്കാരിനാകുമോ; എത്ര ടൺ കൊപ്ര സംഭരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

# കേരള നിയമസഭ
# 08.07.2013-ലെ മറുപടിക്ക്

കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ

*592 ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹായകരമായ എന്തെങ്കിലും സാഹചര്യം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പന്ത്രണ്ടാം പദ്ധതിക്കാലത്ത് സംസ്ഥാനത്ത് കാർഷിക മേഖലയിൽ ലക്ഷ്യമിട്ട തൊഴിലവസരങ്ങൾ എത്രയാണ്; ഇക്കാലത്ത് എത്ര തൊഴിലവസരങ്ങൾ നഷ്ടമാകുമെന്നാണ് ആസൂത്രണ കമ്മീഷൻ വിലയിരുത്തിയിരിക്കുന്നത് ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>ഗോ സുരക്ഷ ഇൻഷ്വറൻസ് പദ്ധതി</u>

*593 ശ്രീ. വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>വയോജനനയം</u>

*594 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ.കെ. നാരായണൻ
,, പുരുഷൻ കടലുണ്ടി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ വയോജനനയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വയോജനനയത്തിൽ അപാകതകൾ ഉള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വയോജന നയത്തിലൂടെ എന്തെല്ലാമാണ് വിഭാവനം ചെയ്യുന്നത്; അറിയിക്കാമോ;

(ഡി) നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ഏതെല്ലാം പരിപാടികൾ നടപ്പാക്കി തുടങ്ങിയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ</u>

*595 ശ്രീ. സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) മലിനജലം സംസ്ക്കരിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) ഏതു പദ്ധതിയുടെ ഭാഗമായാണ് ഇതു നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിന് സഹായം നൽകുന്നത്;

(ഇ) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.07.2013–ലെ മറുപടിക്ക്

<u>റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി</u>

*596 ശ്രീ. ബി. ഡി. ദേവസ്സി
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ വില എത്ര ശതമാനം ഇടിഞ്ഞു എന്നും, വില യിടിവ് തുടർന്നു കൊണ്ടിരിക്കാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ;

(ബി) റബ്ബറിന്റെ ഇറക്കുമതി തീരുവ ഉയർത്താൻ കേന്ദ്ര വാണിജ്യ മന്ത്രാലയം ശുപാർശ ചെയ്തെങ്കിലും നടപടി വൈകുന്നതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്ന നടപടി വൈകുന്നതിന് പിന്നിൽ ടയർ ലോബികളാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ടി.ആർ.എസ്. ഗ്രേഡിലുള്ള നിലവാരമില്ലാത്ത റബ്ബർ ഇറക്കുമതി തടയുന്നതിനും സ്വാഭാവിക റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>പ്രാദേശിക വികസന അതോറിറ്റികളുടെ പ്രവർത്തനം</u>

*597 ശ്രീ. എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകൃതമായ പ്രാദേശിക വികസന അതോറിറ്റികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ടോ ;

(ബി) എങ്കിൽ ഏറ്റവും ഒടുവിൽ നടത്തിയ വിലയിരുത്തലിന്റെ വിശദവിവരം നല്കാമോ ;

(സി) ഇവയുടെ പ്രവർത്തന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) നിലവിൽ എത്ര പ്രാദേശിക വികസന അതോറിറ്റികളുണ്ടെന്നും അവയിൽ ലക്ഷ്യം പൂർത്തിയാകാറായവ ഏതൊക്കെയെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>വിവാഹപ്രായം സംബന്ധിച്ച നിയമ വ്യവസ്ഥ</u>

*598 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, എളമരം കരീം
,, എ. കെ. ബാലൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീയുടെയും പുരുഷന്റെയും വിവാഹപ്രായം സംബന്ധിച്ച നിയമ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിലുള്ള നിയമവ്യവസ്ഥകൾ ഉൾപ്പെടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഏതെങ്കിലും മതവിഭാഗത്തിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വിവാഹപ്രായത്തിന്റെ കാര്യത്തിൽ ഇളവ് നൽകിയിട്ടുണ്ടോ;

(സി) കേരള വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ പ്രകാരം വിവാഹ സമയത്തെ പ്രായം എത്രയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ ഇതിനകം വിവാഹപ്രായവും രജിസ്ട്രേഷനും സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 08.07.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിക്കു പുതിയ പ്രവർത്തനരേഖ</u>

*599 ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ജി. സുധാകരൻ
ശ്രീമതി കെ. കെ. ലതിക
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി പുതിയ പ്രവർത്തനരേഖ കേന്ദ്ര ഗ്രാമവികസന വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പ്രകാരം ഏതെല്ലാം പ്രവർത്തനങ്ങളെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്ന് കാർഷിക മേഖലയെ ഒഴിവാക്കിയത് മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 08.07.2013–ലെ മറുപടിക്ക്

<u>ലക്ഷം തൊഴിൽദാന പദ്ധതി</u>

*600 ശ്രീ. പി. തിലോത്തമൻ
,, വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ലക്ഷം തൊഴിൽദാന പദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; പദ്ധതിയുടേതായി എത്ര തുക കൃഷി വകുപ്പിന്റെ കൈവശമുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി പ്രായോഗികമല്ലെന്ന് വിവിധ പഠന റിപ്പോർട്ടുകളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠന റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2013 ജൂൺ 29.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്

[ചട്ടം 47(1)].